# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 456

22.07.2015-ൽ മറുപടിയ്ക്ക്

## അനധികൃതമായി കൈവശം വെച്ചുവരുന്ന നിക്ഷിപ്ത വനഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി<br>,, എ.കെ. ബാലൻ<br>,, വി.ചെന്താമരാക്ഷൻ<br>,, ബാബു എം. പാലിശ്ശേരി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നിക്ഷിപ്ത വനഭൂമി സ്വകാര്യ വ്യക്തികൾ നിയമവിരുദ്ധമായി കൈവശംവെച്ച് പോരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത്തരം കേസുകളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനായുള്ള കമ്മിറ്റിയുടെ കണ്ടെത്തലുകൾ വിശദമാക്കാമോ; എതെല്ലാം വനഭൂമി കയ്യേറ്റങ്ങൾ ഈ കമ്മിറ്റിയുടെ കണ്ടെത്തലുകളെ തുടർന്ന് ഒഴിപ്പിച്ചെടുത്തിട്ടുണ്ട്; ഈ കമ്മിറ്റി എത്ര തവണ യോഗം ചേർന്നിട്ടുണ്ട്; | ബി) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ സർക്കിളിലും സർക്കിൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി കൂടാറുണ്ട്. കൂടാതെ വനം വകുപ്പിന്റെ കിഴക്കൻ മേഖലയുടെ പരിധിയിൽ വരുന്ന വനഭൂമിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിനായി 02.01.2013 തീയതിയിലെ ജി.ഒ (ആർ.ടി) നമ്പർ 04/2013/വനം ഉത്തരവ് പ്രകാരം ഉത്തരമേഖല അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ചെയർമാനായും, ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് |

കൺസർവേറ്റർ, പാലക്കാട്, കൺവീനറായും ബന്ധപ്പെട്ട ജില്ലാ പോലീസ് ചീഫ്, പാലക്കാട്/മലപ്പുറം ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, ബന്ധപ്പെട്ട ജില്ലാ ഡെപ്യൂട്ടി കളക്ടർ (ഭൂപരിഷ്ക്കരണം), ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ബന്ധപ്പെട്ട ജില്ലാ സർവ്വേ സൂപ്രണ്ട്, ബന്ധപ്പെട്ട ജില്ലാ രജിസ്ട്രാർ എന്നിവർ മെമ്പർമാരായി ഒരു സ്പെഷ്യൽ ടീം രൂപീകരിച്ചുകൊണ്ട് ഉത്തരവായി. ഈ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ 13.06.2013 തീയതിയിലെ ജി.ഒ.(ആർ.ടി) 228/2013 /വനം വന്യജീവി പ്രകാരം ഉത്തരവാകുകയും ഉണ്ടായി. ഈ കമ്മിറ്റി 29.08.2013,29.05.2013, 21.03.2014, 12.02.2015,27.02.2015 എന്നീ തീയതികളിലായി 5 തവണ യോഗം ചേരുകയുണ്ടായി.

<u>കമ്മിറ്റിയുടെ കണ്ടെത്തലുകൾ</u>

ജി.ഒ. (എം.എസ്) 326/78/എഡി തീയതി 14.12.1978 പ്രകാരം റവന്യൂ വകുപ്പിന് പതിച്ചു നൽകുവാനായി ഏൽപ്പിച്ച 1917.4840 ഹെക്ടർ വനഭൂമിയിൽ 1194.3800 ഹെക്ടർ വനഭൂമി പതിച്ച് നൽകിയതായും 723.1040 ഹെക്ടർ വനഭൂമി, പതിച്ചു നൽകാതെ റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉണ്ടെന്നും കണ്ടെത്തുകയുണ്ടായി.

നിലമ്പൂർ നോർത്ത് ഡിവിഷനിൽ നെടുങ്കയം മലവാരത്തിൽ 16 ഉം വെണ്ണക്കോട് കോളനിയിൽ 24 ഉം വ്യാജ പട്ടയങ്ങൾ കണ്ടെത്തുകയുണ്ടായി. ഏറനാട് താലൂക്കിലെ എടവണ്ണ, പേരകമണ്ണ, ഉറങ്ങാട്ടിരി എന്നീ വില്ലേജുകളിലായി 88 കയ്യേറ്റക്കാർ അനധികൃതമായി 195 ഏക്കറോളം ഭൂമിക്ക് പട്ടയം സമ്പാദിച്ചതായും കണ്ടെത്തുകയുണ്ടായി.

ഈസ്റ്റേൺ സർക്കിൾ, പാലക്കാടിന്റെ കീഴിൽ നെന്മാറ ഡിവിഷനിൽ കിഴക്കഞ്ചേരി വില്ലേജിൽ 345 ഹെക്ടർ യു.ടി.ടി പ്രദേശം ബി.ടി.ആർ തെറ്റായി രേഖപ്പെടുത്തിയത് കണ്ടെത്തി അതുപോലെ തന്നെ മുതലമട വില്ലേജിലെ കരടിക്കുന്നിലെ 27 ഹെക്ടർ നിക്ഷിപ്ത വനഭൂമി ബി.ടി.ആർ തെറ്റായി രേഖപ്പെടുത്തിയിരുന്നു.

മണ്ണാർക്കാട് ഡിവിഷനിൽ നിക്ഷിപ്ത വനഭൂമി ജെ.ബി.ജെ എസ്റ്റേറ്റായി മാറ്റപ്പെട്ടു.

| | |
|---|---|
| സി) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന നെല്ലിയാമ്പതി 786 ഏക്കർ ഭൂമി കരുണാ എസ്റ്റേറ്റ് / പോബ്സ് എസ്റ്റേറ്റ് അനധികൃതമായി വച്ചു വരുന്നത് സംബന്ധിച്ച ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് വനം വകുപ്പ് ശേഖരിച്ചിട്ടുണ്ടോ? | സി) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമവിരുദ്ധമായി നൽകിയ എൻ.ഒ.സി ആക്ഷേപങ്ങളെ തുടർന്ന് റദ്ദ് ചെയ്തിട്ടുണ്ടോ; | ഡി) | നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള 314.450 ഹെക്ടർ സ്ഥലത്തിന് കരം സ്വീകരിക്കുന്നതിന് വനം വകുപ്പിന് വിരോധമില്ല എന്ന് മാത്രമാണ് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 28.04.2014 ലെ സി2-8521/2012 നമ്പർ കത്ത് പ്രകാരം ചിറ്റൂർ തഹസിൽദാരെ അറിയിച്ചത്. 08.07.2014 തീയതിയിൽ നിയമസഭയിൽ ഉന്നയിച്ച അടിയന്തിര പ്രമേയ ചർച്ച വേളയിൽ ടി എതിർപ്പില്ലാ രേഖ മരവിപ്പിക്കുന്നതിന് നിർദ്ദേശമുണ്ടായി. തുടർന്ന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 08.07.2014 ലെ സി2-8521/2012 കത്തു പ്രകാരം ടി വിവരം ചിറ്റൂർ തഹസിൽദാരെ അറിയിക്കുകയുണ്ടായി. |
| ഇ) | എങ്കിൽ അതേ തുടർന്നുള്ള അന്വേഷണ റിപ്പോർട്ട് പരിശോധിക്കാനും തുടർ നടപടികൾ സ്വീകരിക്കാനും വനം വകുപ്പിൽ നടപടികൾ ഉണ്ടാകാതിരിക്കുന്നത് എന്തുകൊണ്ടാണ് ? | ഇ) | വനം വകുപ്പിന്റെ അന്വേഷണത്തിൽ വനഭൂമി നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടില്ല. സർക്കാർ ഭൂമി നഷ്ടപ്പെട്ടോ എന്ന് ലാന്റ് ബോർഡ് സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പരിശോധിക്കുവാൻ സ.ഉ. (സാധാ) നം 5473/2014/റവന്യു തീയതി 12.11.2014 പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഫീൽഡ് പരിശോധന നടത്തി വരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ